**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5358** **21-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള ബസ്സ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. ആരംഭിച്ച സർവ്വീസുകൾ ലാഭകരമാണോ എന്ന് വ്യക്തമാക്കുമോ; | (എ) | വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. ആരംഭിച്ച സർവ്വീസുകൾക്ക് മികച്ച വരുമാനം ലഭിക്കുന്നുണ്ട്.<br><br>കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2021 നവംബർ 1 മുതൽ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്. നിലവിൽ കെ.എസ്.ആർ.ടി.സി. നടത്തിവരുന്ന എല്ലാ ടൂറിസം ട്രിപ്പുകളും വളരെ ലാഭകരമാണ്. 2022 മെയ് മാസം വരെ ആകെ 1560 ട്രിപ്പുകളിലൂടെ 5,13,03,389/- രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ കൂടുതൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് സർവ്വീസുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | ഡിമാന്റ് അനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.<br><br>നിലവിൽ സാധാരണ യാത്രക്കാരുടെ ആവശ്യാനുസരണം ബഡ്ജറ്റ് ട്രിപ്പുകൾ കേരളത്തിലുള്ള വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് നടത്തിവരുന്നു. കൂടാതെ, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് യാത്രകൾ സംഘടിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ